# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1164 | 01-07-2015 -ൽ മറുപടിക്ക്

## പ്രകൃതി ദുരന്ത പ്രതിരോധ സംവിധാനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. സി.പി.മുഹമ്മദ്**<br>**ശ്രീ. പി.സി വിഷ്ണുനാഥ്**<br>**ശ്രീ. ആർ. സെൽവരാജ്**<br>**ശ്രീ. ലൂഡി ലൂയിസ്** | | **ശ്രീ.അടൂർ പ്രകാശ്**<br>**(റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| എ) | പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ ഇത് സംബന്ധിച്ച മുന്നറിയിപ്പ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ; | എ) | പ്രകൃതി ദുരന്തങ്ങളുടെ മുന്നറിയിപ്പിനും ഏകോപനത്തിനുമായി കെൽട്രോണിന്റെ സഹായത്തോടെ 5.96 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഇന്റഗ്രേറ്റഡ് ഡിസിഷൻ സപ്പോർട്ട് സംവിധാനത്തോടു കൂടിയ വിവര സാങ്കേതിക വിനിമയ സംവിധാനം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ (SDMA) ഗവേഷണ സാങ്കേതിക ലബോറട്ടറിയും ദുരന്ത പ്രതിരോധ – ലഘൂകരണ – പ്രതികരണ പ്രവർത്തനങ്ങളുടെ ഏകോപന കേന്ദ്രവുമായ സംസ്ഥാന അടിയന്തിര ഘട്ട കാര്യ നിർവ്വഹണ കേന്ദ്ര (SEOC) ത്തിൽ ഒരുക്കുന്നതിനുളള പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |
| ബി) | കേന്ദ്ര ദുരിത നിവാരണ സേനയുടെ സഹായത്താൽ ദുരന്ത നിവാരണത്തിനായി ഏർപ്പെടുത്താനുദ്ദേശിക്കുന്ന സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | ബി) | കേന്ദ്ര ദുരന്ത നിവാരണ സേനയുടെ ഒരു സ്ഥിരം താവളം കേരളത്തിൽ ഒരുക്കുവാൻ ഒന്നര ഏക്കർ ഭൂമി ഏറ്റെടുത്ത് കേന്ദ്ര സർക്കാറിന് കൈമാറുന്നതിന് വേണ്ടിയുളള പ്രൊപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണർ മുഖേന സമർപ്പിക്കുവാൻ എറണാകുളം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| സി) | പ്രസ്തുത സംവിധാനങ്ങൾ ഏതെല്ലാം ദുരന്തങ്ങൾക്കാണ് പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | സി) | കേന്ദ്ര സർക്കാർ പ്രകൃതിദുരന്തങ്ങളായി കണക്കാക്കപ്പെട്ടിട്ടുളള ഉരുൾപൊട്ടൽ, വെളളപ്പൊക്കം, ഭൂമി കുലുക്കം, വരൾച്ച, തീപിടിത്തം, സുനാമി, ആലിപ്പഴ 'വർഷം, ശൈത്യതരംഗം, ഹിമപാതം,ഹിമാഘാതം, കീടാണുബാധ, മേഘ വിസ്ഫോടനം എന്നിവയെക്കുറിച്ച് വിശകലനം ചെയ്യുവാനും സാധ്യമായവയെക്കുറിച്ച് മുന്നറിയിപ്പ് നൽകുവാനും ദുരന്ത പ്രതികരണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനുമാണ് പ്രസ്തുത സംവിധാനം പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| ഡി) | ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിനും ദുരന്ത പ്രതികരണ നടപടികൾ ഏകോപിപ്പിക്കുന്നതിനുമായി സാങ്കേതികവും ഇന്റഗ്രേറ്റഡ് ഡിസിഷൻ സപ്പോർട്ട് സംവിധാനത്തോടുകൂടിയതുമായ വിവര സാങ്കേതിക വിനിമയ സംവിധാനം സംസ്ഥാനത്ത് ഒരുക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ ഏകോപനത്തിനും പ്രവർത്തനങ്ങൾക്കുമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് ഹെഡ് ക്വാർട്ടേഴ്സ് പണികഴിപ്പിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ